പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1853 — 14.08.2017 ൽ മറുപടിക്ക്

## നൂറനാട് ലെപ്രസി സാനിറ്റോറിയം

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ സ് പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനും പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) & (ബി) | സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. നൂറനാട് ലെപ്രസി സാനിറ്റോറിയതിനു നബാർഡ് പദ്ധതിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 4030 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത്. നബാർഡ് ഫണ്ടിൽ നിന്നും 2000 ലക്ഷം രൂപയും സംസ്ഥാന സർക്കാർ ഓഹരിയായി 352.94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തികൾക്കായി 1677.06 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പരിഗണനയിലാണ്. |
| (ബി) | നബാർഡ് ഫണ്ടിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ